പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 313 | 28/10/2019 ൽ മറുപടി<br>നല്കേണ്ടത്. |

## ഭക്ഷ്യ വസ്തുക്കളുടെ ഗുണമേന്മ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ബി.സത്യൻ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാശിശുവികസനവും വകുപ്പ് മന്ത്രി) |
| എ ) | സംസ്ഥാനത്ത് 5 രൂപക്ക് ചായയും,എണ്ണയിൽ പൊരിച്ച പലഹാരങ്ങളും നൽകുന്ന കടകൾവ്യാപകമാകുന്നതായി വകുപ്പ് തലത്തിൽ വിലയിരുത്തിയിട്ടുണ്ടോയെന്നും, പ്രസ്തുത കടകളിൽ ഗുണമേന്മയുള്ള പാലും, എണ്ണയുമാണ് ഉപയോഗിക്കുന്നതെന്ന് ഉറപ്പാക്കാൻ സംവിധാനങ്ങൾ നിലവിലുണ്ടോയെന്നും വിശദമാക്കാമോ; | എ) | സംസ്ഥാനത്ത് ചായയും എണ്ണയിൽ പൊരിച്ച പലഹാരങ്ങളും വിൽക്കുന്ന നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങളിൽ ഗുണമേന്മയുള്ള ഭക്ഷ്യപദാർത്ഥങ്ങളാണ് ഉപയോഗിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിന് സ്ഥിരം പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ, എല്ലാ മാസവും മൂന്ന് ദിവസം ഇത്തരം സ്ഥാപനങ്ങളിൽ രാത്രികാല പരിശോധനയും നടത്തുന്നുണ്ട്. ഗുണനിലവാരമില്ലാത്ത ഭക്ഷ്യ വസ്തുക്കൾ വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. |
| ബി) | പ്രസ്തുത കടകളിൽ വകുപ്പ് തലത്തിൽ പരിശോധന നടന്നിട്ടുണ്ടോയെന്നും, ആർക്കെല്ലാമെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | ബി) | കഴിഞ്ഞ വർഷം സംസ്ഥാനത്തൊട്ടാകെ 1677 കടകളിൽ പരിശോധന നടത്തുകയും 807 സ്ഥാപനങ്ങൾക്ക് ന്യൂനത പരിഹരിക്കുന്നതിനായി നോട്ടീസ് നൽകുകയോ പിഴ ചുമത്തുകയോ ചെയ്തിട്ടുണ്ട്. |
| സി) | പ്രസ്തുത കടകൾക്ക് ലൈസൻസോ, മറ്റെന്തെങ്കിലും രജിസ്ട്രേഷനോ നിലവിലുണ്ടോയെന്നും, ഈ കടകളിലെ ഭക്ഷ്യ വസ്തുക്കളുടെ | സി) | പ്രസ്തുത കടകൾക്ക് ലൈസൻസ്/ രജിസ്ട്രേഷൻ നിർബന്ധമാണ്. ലൈസൻസ്/ രജിസ്ട്രേഷൻ ഇല്ലാത്തവർക്ക് നോട്ടീസ് നൽകി തുടർ പരിശോധനയിൽ ഇവ ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കുന്നുണ്ട്. ഇത്തരം കടകൾക്കെതിരെ |

| | | | |
|---|---|---|---|
| | ഗുണമേന്മയില്ലായ്മ സംബന്ധിച്ച് പൊതുജനങ്ങൾ പരാതി നൽകിയിട്ടുണ്ടോയെന്നും,ആയതിന്മേൽ സ്വീകരിച്ച നടപടികളെന്തെല്ലാമെന്നും വിശദമാക്കാമോ? | | പൊതുജനങ്ങളിൽ നിന്നും സംസ്ഥാനത്തൊട്ടാകെ കഴിഞ്ഞ ഒരു വർഷം 156 പരാതികൾ ലഭിച്ചിട്ടുണ്ട്. ആയതിൻപ്രകാരം ടി സ്ഥാപനങ്ങളിൽ പരിശോധനകൾ നടത്തി 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ